# ഒരു മുഖവുര
## സങ്കീർത്തനങ്ങൾ 5:3

"യഹോവേ, രാവിലെ, എന്റെ പ്രാർത്ഥന കേൾക്കേണമേ; രാവിലേ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു" (സങ്കീർത്തനങ്ങൾ 5:3).

1978-ൽ ഒരു കാസറ്റ് ടേപ്പ് മൂലം എന്റെ ജീവിതത്തിലും ശുശ്രൂഷയിലും അടിസ്ഥാനപരമായും നിത്യമായും മാറ്റം സംഭവിച്ചു. പ്രായമായ ഒരു ആത്മീയ ശ്രേഷ്ഠൻ ഉപദേഷ്ടാക്കന്മാരോടു ദൈവത്തോടുകൂടെ അവർക്കുള്ള ആത്മീയബന്ധത്തെകുറിച്ച് പ്രസംഗിക്കുകയായിരുന്നു. അറുപതില-ധികം വർഷങ്ങളായി അദ്ദേഹം തന്റെ ദിവസത്തിന്റെ ആദ്യമണിക്കൂർ ദൈവത്തിനു നല്കിയിരുന്നു. *അതിശയകരം!* ദിവസേന ദൈവവുമായുള്ള എന്റെ നടപ്പ് പ്രയാസമായി തോന്നാം, എന്നാൽ അതു ലളിതമാണ്. നമ്മിൽ എത്ര പേർക്ക് ദിവസവും "ആദ്യമണിക്കൂർ" ഉ്? നാം അത് എന്തിനുവേി ഉപയോഗിക്കുന്നു? എന്റെ ആദ്യമണിക്കൂർ "ഒരു കപ്പ് കാപ്പിക്കും *ഡള്ളാസിലെ രാവിലെയുള്ള പത്ര വാർത്തകൾക്കും*" കൊടുത്തുവരുന്നു. ദൈവത്തോടുകൂടെ ആദ്യ മണിക്കൂർ ചെലവിടുന്നതിനേക്കാൾ മെച്ചപ്പെട്ടത് എന്താണുള്ളത്? ഞാൻ അതു അമ്പതു വർഷമായി ചെയ്തിരുന്നുവെങ്കിൽ എന്തായിരിക്കും സ്ഥിതി? ഒരാൾ ആത്മീയമായി ശ്രേഷ്ഠനാകുക എന്നത് അയാളുടെ ബുദ്ധിശക്തിയെ, വിദ്യാഭ്യാസത്തെ, കഴിവിനെ, അല്ലെങ്കിൽ വ്യക്തിത്വത്തെ സംബന്ധിക്കുന്ന കാര്യമല്ല. ആത്മീയമായി വലിയവരാകുവാൻ, സമയം നല്കിയിട്ട്, നമുക്ക് എല്ലാവർക്കും സാധിക്കും! ദൈവത്തോടുകൂടെയുള്ള നിങ്ങളുടെ ഓരോ ദിവസത്തേയും നടപ്പിൽ വളരുക.

### ലാളിത്യം

ദിവസവും ദൈവത്തോടുകൂടെ നടക്കുന്നത് വളരെ ലളിതമായ ഒരു രീതിയാണ്. അതിനുപകരം നാം അധികവും പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ "മുഴുകുന്നു." നാം "എങ്ങനെ-പ്രവർത്തിക്കണം" എന്നതിനെ ആസ്പദമാക്കിയുള്ള പുസ്തകങ്ങൾ വായിക്കുകയും സ്വയം സഹായിക്കുന്ന ടേപ്പുകൾ ശ്രദ്ധിക്കുകയും ചെയ്യുന്നു. നാം സെമിനാറുകളിലും റിട്രീറ്റുകളിലും പങ്കെടുക്കും. എങ്ങനെ നല്ല പങ്കാളികളും മാതാപിതാക്കളും ആകാം എന്നും, ദുഃഖം, നഷ്ടം, പരദൂഷണം, എന്നിവയെ എങ്ങനെ അതിജീവിക്കാം എന്നും നാം പഠിക്കുന്നു. അത്തരം സമീപനങ്ങൾ അവസാനിക്കുന്നത് രീതികളും, അതു നടപ്പാക്കുവാനുള്ള ശേഷിയും, പതിവുപോലെ നിരാശയുമായിട്ടായിരിക്കും. എന്തുകൊു ദൈവത്തോടുകൂടെ മാത്രം നടന്നുകൂടാ? ബൈബിൾ കേന്ദ്രീകരിക്കുന്നതു നടപ്പാക്കുന്നതിലല്ല, വ്യക്തികളിലാണ്. ദൈവം നിങ്ങളെ തടയുകയോ ഉപദ്രവിക്കുകയോ ഇല്ല! ഞാൻ ദിവസവും ദൈവത്തോടൊപ്പം നടന്നാൽ, എന്റെ ഭാര്യക്കു നല്ല ഒരു ഭർത്താ വിനെയും, മക്കൾക്ക് നല്ല പിതാവിനെയും, സഭക്കു നല്ല ഒരു ഉപദേഷ്ടാവിനെയും ലഭിക്കും! സുവിശേഷം നല്ല ആളുകളെ സൃഷ്ടിക്കുന്നു! നമ്മൾ ആരാധിക്കുകയും ഒപ്പം നടക്കുകയും ചെയ്യുന്ന

ദൈവത്തെ പോലെ നാം ആയിത്തീരുന്നു. ആത്മീയരായ ആളുകൾക്കു മാത്രമേ ആത്മീയ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയൂ.

ഒരു നിമിഷത്തേക്ക് പൂർണ്ണനാകുവാൻ എനിക്കു സാധ്യമല്ല, പക്ഷെ ഒരു ദിവസത്തിൽ ഒരു പ്രാവശ്യം എനിക്കു വിശ്വസ്തനാകുവാൻ കഴിയും (വെളിപ്പാടു 2:10). എന്തൊരു ആശ്വാസം! ഞാൻ വിശ്വസ്തനാണെങ്കിൽ കർത്താവ് ഏതു ദിവസം വന്നാലും എനിക്കു കുഴപ്പമില്ല! അതു നമ്മുടെ സഭാ യോഗത്തിലെ ഹാജർ പ്രശ്നം പരിഹരിക്കും! ദൈവത്തോടുകൂടെ നടക്കുന്ന ആളുകൾ "സഭായോഗം മുടക്കുകയില്ല." ഞായറാഴ്ച്ച ദൈവം എവിടെയാ യിരിക്കും? ദൈവത്തോടുകൂടെ നടക്കുന്നവർ എവിടെ ആയിരിക്കേണമോ അവിടെയായിരിക്കും ഉാവുക. ഭൗതികജീവിതത്തിന്റെ ഏക അടിസ്ഥാനം നിത്യജീവനാണ്.

> എന്റെ ആവശ്യങ്ങളെല്ലാം ഇന്നാണ് -
> എനിക്കു കൈകാര്യം ചെയ്യാവുന്നതെല്ലാം ഇന്നാണ് -
> എനിക്കുള്ളതെല്ലാം ഇന്നാണ്.

രു മാർഗ്ഗങ്ങൾ മാത്രമാണ് ജീവിതത്തെ രൂപപ്പെടുത്തുന്നത് (ഏത് മേഖ ലയിലും മികവിനായി അതു രും പരിശീലിക്കുന്നു). ആദ്യമായി, *തുടങ്ങുക*. നിങ്ങളാണ് *ഇപ്പോൾ* ... തുടങ്ങേത്! രാമതായി, *നിർത്താതിരിക്കുക*! ക്രിസ്ത്യാനിത്വം നടപ്പിനെ തുടർന്നുള്ള പടിയാണ്. നിങ്ങളുടെ ഒരേ ഒരു ജീവി തത്തെ നിങ്ങൾ എന്താണ് ചെയ്യുവാൻ പോകുന്നത്? ദൈവത്തോടുകൂടെ നട ക്കുന്ന ഒരാളായി തീരുക എന്നതിനേക്കാൾ നല്ല ഒരു കാര്യം നിങ്ങൾക്കു ചെയ്യുവാൻ സാധ്യമല്ല. നാം ഓരോ നിമിഷവും ദൈവത്തോടുകൂടെയാണ് ചെലവിടുന്നതെന്നറിയുമ്പോൾ ജീവിക്കുന്നതു ഒരു അതിശയകരമായ അനു ഭവമായി മാറും. ആ രഹസ്യമിരിക്കുന്നതു ഒരാളുടെ ധ്യാനജീവിതത്തിലാണ്; ഒരാളുടെ ആത്മിയജീവിതത്തിന്റെ അളവുകോൽ അയാളുടെ ധ്യാനജീവിത മാണ്.

### ധർമ്മപ്രവചനപരമായി സംസാരിക്കുന്നത്

പാഠങ്ങൾ രൂപപ്പെടുത്തുന്ന ശാസ്ത്രമാണ് ധർമ്മപ്രവചനം. "ദിവസം തോറും ദൈവത്തോടുകൂടെയുള്ള എന്റെ നടപ്പ്" - എന്ന പാഠത്തിന്റെ തല ക്കെട്ടിലുള്ള ഓരോ വാചകവും സംബോധന ചെയ്യുക എന്നതാണ് ഒരു രീതി.

1. *"ദൈവം."* ഈ തലവാചകത്തിലെ "വലിയ വാക്ക്" ഏതാണ്? ദൈവം! അനന്തനും, മാറ്റമില്ലാത്തവനും, നിത്യനും, വിശുദ്ധനുമായ ദൈവം! ഒരു പര മാധികാരിയും, സൃഷ്ടിക്കുന്നവനും, പരിശുദ്ധനും, അതിശയിപ്പിക്കുന്നവനു മായ ഒരു ദൈവം നമുക്കുായിരിക്കുക എന്നതിന്റെ അർത്ഥം നമ്മുടെ സമൂഹം നഷ്ടമാക്കിയിരിക്കുന്നു. ദൈവം ദൈവമാണ്, എന്നാൽ ഞാൻ ദൈവം അല്ല. ദൈവത്തിന്റെ "ദൈവികത്വത്തെ" പരിഗണിക്കുക. ദൈവം പൂർണ്ണതയുള്ളവനും, ഏകനും, നീതിയും, ന്യായവുമുള്ളവനും, കരുണയും, സത്യവും നിറഞ്ഞവനുമാണ്. ദൈവത്തിനു വേി നമുക്ക് ഒരു "വിശുദ്ധ താല്പര്യം" ഉായിരിക്കണം. ദൈവം തന്റെ സാദൃശത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചത് (ഉൽപത്തി 1:26, 27). മനുഷ്യൻ ഇന്നു ദൈവത്തെ മനുഷ്യസാദൃ ശത്തിൽ പുനർനിർമ്മാണം നടത്തിയിരിക്കുന്നു. "അതുപോലെയുള്ള ഒരു

ദൈവത്തിൽ എനിക്ക് വിശ്വസിക്കുവാൻ കഴിയുകയില്ല" എന്നു, ആളുകൾ പറഞ്ഞിട്ടു്. ദൈവം എങ്ങനെ ഇരിക്കണം എന്നു തീരുമാനിക്കുവാൻ മനുഷ്യൻ ആരാണ്? "സൃഷ്ടാവിനെ" കളഞ്ഞ് "സൃഷ്ടിയെ" ആരാധിച്ചിരുന്നവരെ പൗലൊസ് ശാസിച്ചിരുന്നു (റോമർ 1:16–32). ദൈവത്തെ മനുഷ്യരൂപത്തിലാക്കുന്നതിനേക്കാൾ ക്രൂരമായ മതനിന്ദ മറ്റൊന്നില്ല! പത്തു കല്പനകളിലെ ആദ്യത്തേ*താണ്* ഏറ്റവും വലിയ കല്പന: "ഞാൻ അല്ലാതെ മറ്റു ദൈവങ്ങൾ നിങ്ങൾക്കു ാകരുത്" (പുറപ്പാട് 20:3).

ഇന്നു സമൂഹം നിയന്ത്രണാതീതമായിരിക്കുന്നത് ഒരു നിസാര കാരണം കൊാണ് – നമ്മൾ ദൈവത്തെ തള്ളിക്കളഞ്ഞിരിക്കുന്നു! കാര്യങ്ങളെ ഒരുമിച്ചു കൊുവരുന്ന ഒരു കേന്ദ്രം (മുഖ്യസ്ഥാനം) നമുക്ക് ഇനി ഇല്ല. ഓരോ ദിവസവും ദൈവത്തിൽ നിന്നുള്ള ദാനമാണ്. വലിയ തീരുമാനമാനമെടുക്കുന്നതിലായാലും ചെറിയ കാര്യങ്ങളിലായാലും, ദൈവം നമ്മുടെ ഓരോ ദിവസത്തേയും ജീവിതത്തിൽ ഉൾപ്പെടുന്നു. ദൈവത്തിനു യാതൊന്നും വലുതല്ല; ദൈവത്തിനു യാതൊന്നും ചെറുതുമല്ല. നമ്മുടെ സമൂഹം സത്യം കത്തുവാനായി നോക്കുന്നതെല്ലാം തെറ്റായ സ്ഥലങ്ങളിലാണ്. ദിവസവും, ദൈവത്തെ പുകഴ്ത്തി, ദൈവത്തെ ശ്രദ്ധിച്ച്, ദൈവത്തോടു സംസാരിച്ച്, ദൈവത്തോടൊപ്പം ജീവിക്കുക. *ക ത്തു വാൻ* മാത്രമായിരിക്കണം നാം *അന്വേഷിക്കുവാൻ* തുടങ്ങേ ത്. നാം *എന്തെങ്കിലും* കത്തുവാൻ തുടങ്ങുന്നത് *ആരുടെയെങ്കിലും* കൈകളാൽ നമ്മെ നിയന്ത്രിക്കേ തിനു മാത്രം ആയിരിക്കണം. നമ്മുടെ ദിവസവുമുള്ള നടപ്പിൽ നാം പുരോഗതിയിൽ കൂടിയാണ് നീങ്ങുന്നത്:

"എന്റെ ജീവിതത്തിൽ എനിക്ക് ദൈവത്തെ ആവശ്യമു്."
"എന്റെ ജീവിതത്തിൽ ഞാൻ ദൈവത്തെ ആഗ്രഹിക്കുന്നു."
"എന്റെ ജീവിതത്തിൽ എനിക്ക് ദൈവം കൂടിയേ തീരു!"

2. *"നടപ്പ്."* ക്രിസ്ത്യാനിത്വം *സംസാരമല്ല, നടപ്പാണ്*. അധികം പേരും സംസാരം *സംസാരിക്കും* എന്നാൽ നടപ്പ് *നടക്കുന്നില്ല*. ക്രിസ്ത്യാനിത്വം സംസാരിക്കുന്നതിനേക്കാളധികം അല്ലെങ്കിൽ, നാമെല്ലാം സ്വർഗബന്ധിതരായിരിക്കും. അരയോപകകുന്നിലുായിരുന്ന ആളുകൾ "വല്ല പുതുമയും പറയുകയോ കേൾക്കുകയോ" ചെയ്യുവാൻ താല്പര്യമുള്ളവരായിരുന്നു എന്നു പ്രവൃത്തികൾ 17–ൽ നാം വായിക്കുന്നു (വാ. 21). അവർ പൗലൊസിനെ നോക്കി ചിരിക്കുകയും ... സുവിശേഷത്തെ തള്ളിക്കളയുകയും ചെയ്തു. ആത്മീയതയിൽ ഉൾപ്പെട്ടിരിക്കുന്നത് ഒരു തോന്നലല്ല, മറിച്ച് ഒരു നടപ്പാണ്. തോന്നലുകൾക്ക് ബൈബിൾ എത്ര കുറച്ചു പ്രാധാന്യമാണ് കൊടുക്കുന്നത് എന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുോ? മനുഷ്യന്റെ ഓരോ ദിവസത്തെ ജീവിതത്തിനിടയിലും ദൈവം മനുഷ്യനോടുകൂടെ നടക്കുന്നു. *എന്തൊരു ദൈവം*! *എന്തൊരു ജീവിതം!*

വൈമാനികർ പഠനം ആരംഭിക്കുന്നതു ഗ്രൗ് സ്കൂളിൽ നിന്നാണ്. ഇന്നു നമ്മുടെ ഹൈ-ടെക് ലോകത്തിൽ, ഇതു വളരെ പ്രാധാന്യമുള്ളതാണ്. എങ്ങനെയായാലും, ഒരാൾക്ക് അതു പഠിക്കു വാനും, പരീക്ഷകൾ പാസാകുവാനും കഴിയും – വൈമാനികതയിൽ അധികാര സ്ഥാനം നേടുവാനും കഴിഞ്ഞേക്കാം – എന്നാൽ വിമാനം പറപ്പിക്കുവാൻ കഴിയുന്നതുവരെ യോഗ്യതയില്ലാത്ത വൈമാ

നികൻ തന്നെ ആയിരിക്കും. ഗ്രേറ് സ്ക്കൂൾ പഠനം മാത്രം കൊു ഒരാളെ പൈലറ്റ് ആക്കുന്നില്ല! ജീവിതത്തിലെ എല്ലാ മേഖലയിലും, എല്ലാ കാര്യങ്ങളും പരിശീലനം, പരിശീലനം, പരിശീലനം എന്നതിനെ അടിസ്ഥാനപ്പെടുത്തി ഉള്ള താണ്. പ്രാർത്ഥിച്ചുകൊാണ് നിങ്ങൾ പ്രാർത്ഥിക്കുവാൻ ശീലിക്കുന്നത്; നടന്നുകൊാണ് നടക്കുവാൻ ശീലിക്കുന്നത്. "ഉടനെ ലഭിക്കുന്ന ആത്മീയത" ഒരിടത്തുമില്ല. നമുക്ക് ചുറ്റും വളരെ ഭക്തിയോടെ ആളുകൾ സംസാരിക്കുന്ന തുകേൾക്കുമ്പോൾ ഞാൻ വിസ്മയിച്ചുപോകാറു്.

ഈ നടപ്പ് ഹ്രസ്വദൂര ഓട്ടമൽസരമല്ല, ഒരു മാരത്തോൺ ഓട്ടമാണ്. അതു "പാർക്കിലെ നടപ്പ്" എന്നതുപോലെ അല്ല. അതു തമാശ, തമാശ, തമാശ അല്ല. എന്റെ നടപ്പ് എനിക്കു വേി മറ്റാർക്കും നടക്കുവാൻ സാധ്യമല്ല – എന്റെ അമ്മക്കോ, എന്റെ ഉപദേഷ്ടാവിനോ സാധ്യമല്ല. എന്റെ നടപ്പിനു ഞാൻ തന്നെ യാണ് പൂർണ്ണ ഉത്തരവാദി.

3. *"ദിവസേന."* ജീവിതം എന്നേക്കും നിലനില്ക്കുന്നതാണ്. മനുഷ്യ കല റിൽ മൂന്നു ദിവസമേയുള്ളൂ – ഇന്നലെ, ഇന്ന്, നാളെ. ഇന്നലെ എന്നതു കഴിഞ്ഞുപോയതും മാറ്റം വരുത്തുവാൻ സാധ്യമല്ലാത്തതുമാണ്. നാളെ എന്നതു ഒരിക്കലും വരാതെയുമിരിക്കാം. എന്നെ സംബന്ധിച്ചുള്ളതു ഇന്നത്തെ ദിവസമാണ്. ദൈവം നമ്മെ വിളിക്കുന്നത് ഇന്നലെയോ നാളെയോ അല്ല; അ വൻ നമ്മെ ഇന്നാണ് വിളിക്കുന്നത്. ഇന്നലെ എന്തെല്ലാം സംഭവിച്ചിരുന്നാലും, ഇന്ന് എനിക്കു വിശ്വസ്തനാകുവാൻ കഴിയും. അതുപോലെ, ഇന്നത്തെ ദൈവ കൃപ നാളത്തേക്ക് അപര്യാപ്തമാണ്! ദൈവകൃപ നമ്മുടെ ഓരോ ദിവസ ത്തേയും വിശ്വസ്തതക്കു വേിയുള്ളതാണ്.

നാൾതോറും നമ്മുടെ ക്രൂശ് എടുത്ത് അവനെ അനുഗമിപ്പാനാണ് യേശു നമ്മോടു പറഞ്ഞത് (ലൂക്കൊസ് 9:23). താൻ ദിവസേന മരിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (1 കൊരിന്ത്യർ 15:31). പ്രാരംഭസഭ ദിവസേന സുവിശേ ഷപ്രവർത്തനം നടത്തിയിരുന്നു: "പിന്നെ അവർ ദിനമ്പ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കയും, യേശുവിനെ ക്രിസ്തു എന്നു സുവി ശേഷിക്കയും ചെയ്തുകൊിരുന്നു" (പ്രവൃത്തികൾ 5:42). *ദിവസേന!* നാം *നിത്യവും* ഭക്ഷിക്കുകയും, ജോലി ചെയ്യുകയും, ഉറങ്ങുകയും, ജീവിക്കുകയും ചെയ്യുന്നു്. എങ്ങനെയായാലും, *ദിവസേന* ശരിയായ ജീവിതം നയിക്കു വാൻ ശ്രമിക്കുന്നതു ഏറ്റവും പ്രയാസമുള്ള കാര്യമാണ്. ഈസ്റ്ററിനു വേ വസ്ത്രധാരണം ചെയ്യുന്നതു എളുപ്പമാണ്; നമ്മളെല്ലാവരും *വലിയ* ദിവസ ങ്ങളിൽ *വലിയ*വരാണ്. നാമെല്ലാവരും "എന്തെങ്കിലും വലിയ കാര്യം" ചെയ്യു വാൻ ആഗ്രഹിച്ചിരിക്കും. എന്നാൽ ദൈവം ആഗ്രഹിക്കുന്നതോ നമ്മുടെ ദിവ സേനയുള്ള നടപ്പാണ്. ഇടയ്ക്കിടക്ക് ഉാകുന്ന "മതത്തിലെ യോജിപ്പ്" പരാ ജയപ്പെടും. ക്രിസ്ത്യാനിത്വം ഒരു നടപ്പാണ്, അല്ലാതെ ഒരു തിരയിലകപ്പെട്ട നൗകയല്ല!

*"കാർപെ ഡയെം"* ... "ദിവസത്തെ പിടിച്ചെടുക്കുക!" "ഇതു യഹോവ ഉാക്കിയ ദിവസം – സന്തോഷിച്ചുല്ലസിച്ച് ആനന്ദിപ്പിൻ" (നോക്കുക സ ങ്കീർത്തനങ്ങൾ 118:24). അതു ഉപയോഗിക്കുക. ആസ്വദിക്കുക. അതു അധി കവും ഉപയോഗിക്കുക. ദിവസം തോറും തുടർച്ചയായി, ആവശ്യമുള്ളതും ശരിയായതും ചെയ്യുവാൻ തിരഞ്ഞെടുക്കു ന്നതാണ് ദൈവഭക്തിയുള്ള ജീവി തത്തിൽ ഉൾപ്പെടുന്നത്. ഒരു പങ്കാളിക്കു നല്കുന്ന അത്ഭുതകരമായ സമ്മാനത്തെക്കാൾ വലുതാണ് ദിവസേന മറ്റുള്ളവരെ കുറിച്ചുള്ള കരുതലും

ബഹുമാനവും. നമ്മെ "ക്രിസ്തുക്കൾ" ആക്കുക എന്നതാണ് ദൈവത്തിന്റെ അന്തിമ ലക്ഷ്യം. *ദിവസേന* – അതിനു സമയവും പരിശ്രമവും ആവശ്യമാണ്!

''നിങ്ങളുടെ പ്രശാന്തമായ സമയത്തെ കുറിച്ച് ഒരിക്കലും അഭിമാനി ആകരുത്" – എന്ന *മുന്നറിയിപ്പ്* നിങ്ങളുടെ ആത്മീയതയുടെ ലേബലിന് നൽകുക. ദൈവത്തോടുകൂടെയുള്ള നടപ്പ് നമ്മെ താഴ്ത്തും. ദൈവത്തോടുകൂടെയുള്ള നടപ്പ് നിങ്ങളെ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാക്കുന്നില്ല (ഫിലിപ്പിയർ 2:3). ഞാനെന്ന ഭാവവും ദൈവത്തോടുകൂടെയുള്ള നടപ്പും കൂട്ടിക്കുഴക്കരുത്! ബോധപൂർവ്വം ഒരു വിശുദ്ധനും വിശുദ്ധനല്ല! നമ്മുടെ ദിവസേനയുള്ള നടപ്പ് നമ്മുടെ മഹത്വത്തിനല്ല – ദൈവമഹത്വത്തിനാണ്. ഇന്ന് എന്നതു എല്ലായ്പ്പോഴും ഇവിടെയു്; നാളെ എന്നതു, *ഒരിക്കലും* വന്നിട്ടില്ല! ''ദൈവമേ, നിന്റെ ഹിതംപോലെ എന്നി*ലും*, എന്നോ*ടും*, ഞാൻ *മുഖാന്തരവും*, പ്രവർത്തിക്കേണമേ."

***വന്ന്, എന്നോടുകൂടെ നടക്കുക.***